(ജി) വിവിധ വെബ്സൈറ്റുകൾ വഴി ടൂറിസം വകുപ്പിന്റെ ധാരാളം പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(എച്ച്&ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

55 (3996) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ഏതെല്ലാം റോഡുകൾ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ വടക്കേ വയനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന റോഡുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ;

(ഇ) എങ്കിൽ പ്രസ്തുത പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വയനാട് ജില്ലയിലെ റിപ്പൺ-കാന്തൻപാറ വെള്ളച്ചാട്ടം റോഡ്, കവെത്തി-പൂക്കോട്ട് തടാകം റോഡ്, ചിത്രഗിരി-മീൻമുട്ടി വെള്ളച്ചാട്ടം റോഡ് എന്നിവയുടെ വികസനത്തിനായി ഡി.ടി.പി.സി. സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള വിവരങ്ങൾ ആരായുന്നതിന് ജില്ലാകളക്ടർ, വയനാടിന് (ഡി.ടി.പി.സി. - ചെയർമാൻ) അയച്ചുകൊടുത്തിട്ടുണ്ട്.

ഫോറസ്റ്റ് ടൂറിസം

56 (3997) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും ബന്ധപ്പെടുത്തി ഫോറസ്റ്റ് ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും-നാഷണൽ പാർക്കുകളും ബന്ധപ്പെടുത്തി ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള കെ.പി.എം.ജി. എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly